ഒഴുകിയെത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ഒഴിവാക്കുന്നതിലേക്കായി ബന്ധപ്പെട്ട ഉടമസ്ഥർക്ക് നേരിട്ട് നോട്ടീസ് നൽകുകയും പ്രസ്തുത വിവരം പഞ്ചായത്തിലും പോലീസ് സ്റ്റേഷനിലും അറിയിക്കുകയും ചെയ്തുവരുന്നു. കൂടാതെ റിസർവ്വോയറിലെ 72 MLD പമ്പ്ഹൗസിനടുത്തായി പായലും കുപ്പികളുമടക്കമുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി പതിനഞ്ച് ലക്ഷം രൂപയുടെ വർക്ക് തുടങ്ങാനുള്ള നടപടികളെടുത്തുവരുന്നു. എന്നിരുന്നാലും വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടാണ് വിതരണം ചെയ്യുന്നത്.

കുട്ടികളിലെ വൃക്കരോഗം

24(*84) ശ്രീമതി ഗീതാ ഗോപി :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളുടെ ഇടയിൽ വൃക്കരോഗം വ്യാപകമാകുന്നതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇത്തരത്തിൽ വൃക്കരോഗം വ്യാപകമാകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) വൃക്കരോഗങ്ങളെ പ്രതിരോധിക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സംസ്ഥാനത്ത് കുട്ടികളുടെയിടയിൽ വൃക്കരോഗം വ്യാപകമാകുന്നതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് പഠനം നടത്തിയിട്ടില്ല.

(ബി) ഇടർച്ചയായുള്ള യൂറിനറി ട്രാക്ട് ഇൻഫെക്ഷൻ, മൂത്രാശയനാളിയിൽ ജന്മനായുള്ള കഴപ്പുകൾ, ഗ്ലോമുലോ നെഫ്രിറ്റിസ്, നെഫ്രോട്ടിക് സിൻഡ്രോം എന്നിവയാണ് കുട്ടികളുടെയിടയിൽ വൃക്കരോഗമുണ്ടാക്കുന്നത്.

(സി) കുട്ടികളിലെ വൃക്കരോഗം പ്രതിരോധിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. മുതിർന്നവരുടെ വൃക്കരോഗം അനിയന്ത്രിതമായ രക്താതി സമ്മർദ്ദം, പ്രമേഹം എന്നീ അസുഖങ്ങൾ മൂലമാണ്. ഈ അസുഖങ്ങൾ നിയന്ത്രിക്കാൻ സംസ്ഥാനത്തൊട്ടാകെ എൻ.സി.ഡി. ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly